MONDAY 17/02/2025 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor : Suresh A R** **Editor : Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/02/2025

1. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ എഞ്ചിനീയറിങ് & പ്രോസസ്സിങ് ഡിവിഷനിൽ 'ഗ്രാജുവേറ്റ് എഞ്ചിനീയർ ട്രെയിനികളെ' താൽക്കാലികാടിസ്ഥാനത്തിൽ വാക്ക്-ഇൻ ഇന്റർവ്യൂ വഴി നിയമിക്കുന്നു. സിവിൽ എഞ്ചിനീയറിങ്ങിലോ ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിലോ 60 ശതമാനം മാർക്കോടെ ബിടെക് ബിരുദം ഉണ്ടായിരിക്കണം. സൂപ്പർവിഷൻ, എസ്റ്റിമേഷൻ എന്നിവയിൽ ഒരു വർഷത്തെ പരിചയവും ഉണ്ടായിരിക്കണം. കാഡ് (CAD) ലുള്ള അറിവ് അഭികാമ്യം. 2025 ജനുവരി 01 ന് പ്രായം 27 വയസ്സ് കവിയരുത്. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രായം, യോഗ്യത, പരിചയം എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സഹിതം 2025 ഫെബ്രുവരി 19 -ന് രാവിലെ 10.00 മണിക്ക് ജോയിന്റ് ഡയറക്ടർ (ഇ & പി), എഞ്ചിനീയറിങ് & പ്രോസസ്സിങ് ഡിവിഷൻ കോട്ടയം -686009 മുമ്പാകെ ഹാജരാകണം. വിശദാംശങ്ങൾക്ക് www.rubberboard.org.in സന്ദർശിക്കുക. ഫോൺ: 0481-2353311 (എക്സ്റ്റൻഷൻ-236)

2. വിതുര ജഴ്സി ഫാമിൽ പച്ച ചാണകം ഒരു ടണ്ണിന് 1500/- രൂപ നിരക്കിൽ വിൽപ്പനക്ക് ലഭ്യമാണ്. താല്പര്യമുള്ളവർ ബന്ധപ്പെടേണ്ട ഫോൺ നമ്പര് 9495582387.

3. വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ബാക്ടീരിയ വാട്ടത്തിന് എതിരെ പ്രതിരോധശേഷിയുള്ള ഹരിത വഴുതന തൈകൾ വിൽപനക്കെത്തിയിട്ടുണ്ട്. വില ഒന്നിന് 2/- രൂപ നിരക്കിൽ ലഭ്യമാണ്.വില്പന സമയം: 9:00 AM - 4:00 PM വരെ.

### പരിശീലന പരിപാടി

4. വാനൂരിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ ഫെബ്രുവരി 20 മുതൽ 25 വരെ പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ക്ഷീര

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കർഷകർക്കായി ക്ഷീരോൽപ്പന്ന നിർമ്മാണത്തിൽ പരിശീലന പരിപാടി നടക്കും. പ്രവേശന ഫീസ് 135 രൂപ. ആധാർ, തിരിച്ചറിയൽ കാർഡിൻ്റെ പകർപ്പ് സഹിതം കർഷകർക്ക് പങ്കെടുക്കാം.പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഫെബ്രുവരി 18 ന് വൈകിട്ട് നാലിന് മുമ്പായി dd-dtc-pkd.dairy@kerala.gov.in. dtcalathur@gmail.com, 0492226040, 9074993554 ൽ രജിസ്റ്റർ ചെയ്യണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന 'Participatory Rural Appraisal" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ ഹ്രസ്വകോഴ്സിലെ പുതിയ ബാച്ച് 2025 മാർച്ച് 5 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കോഴ്സ് കൈകാര്യം ചെയ്യുന്നു. താൽപ്പര്യമുള്ളവർ മാർച്ച് 4 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താ- വുന്നതാണ്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Defaulteng.aspx ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 5 മുതൽ പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ.ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

6. മണ്ണുത്തി സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്ടറി സയൻസിൽ ഫെബ്രുവരി 27 ന് ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം

സംഘടിപ്പിക്കുന്നു.ഫീസ് 500 രൂപ. കൂടുതൽ വിവരങ്ങൾക്ക് 9495333400 എന്ന നമ്പറിൽ ബന്ധപ്പെടുക

7. കേരള വെറ്ററിനറി ആൻ്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തിയിലെ വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെയറി ആൻ്റ് ഫുഡ് ടെക്നോളജി കോളേജിൽ വെച്ച് രണ്ട് ദിവസത്തെ ചീസ് നിർമ്മാണ പരിശീലനപരിപാടി നടത്തുന്നു. 2025 ഫെബ്രുവരി 21, 22 തിയ്യതികളിൽ രാവിലെ 9 മുതൽ വൈകീട്ട് 4 വരെയാണ് പരിശീലനം.രജിസ്ട്രേഷൻ ഫീസ് 2250 രൂപ പരിശീലനത്തിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റ് നൽകുന്നതാണ് കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടേണ്ട നമ്പർ 9495796738, 6282164192.

8. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തില് ഫെബ്രുവരി 20, 21 തീയതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു. 1,100/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 18.02.2025 തീയതിയ്ക്കുള്ളിൽ അറിയിക്കേണ്ടതാണ്. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ **8547070773 എന്ന** ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

9. റബ്ബർ ബോർഡിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിംഗ് (എൻഐആർടി) 2025 ഫെബ്രുവരി 17 മുതൽ 21 വരെ ഡ്രൈ റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ അഞ്ച് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ റബ്ബർ കോമ്പൗണ്ടിംഗ് തത്വങ്ങളെക്കുറിച്ചുള്ള വിഷയങ്ങൾ ഉൾപ്പെടുന്നു; വാർത്തെടുത്തതും പുറത്തെടുത്തതും കലണ്ടർ ചെയ്തതുമായ സാധനങ്ങൾ; പ്രോസസ്സ്

കൺട്രോൾ, വൾക്കനൈസേഷൻ ടെസ്റ്റുകൾ; സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (MSME) സ്കീമുകൾ; ഉൽപ്പന്നങ്ങളുടെ വിപണനം തുടങ്ങിയവ. വിശദവിവരങ്ങൾക്ക് ഫോണിൽ ബന്ധപ്പെടുക: 9446976726 അല്ലെങ്കിൽ Whatsapp 04812353201. ഇ-മെയിൽ: training@rubberboard.org.in.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം